കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്

ലോക്കൽ ഫണ്ട് ഓഡിറ്റ് അദാലത്ത് 2025- ഓഡിറ്റ് വർഷം 2015/16 മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്

ക്രമനമ്പർ	ഓഡിറ്റ്ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി
1	1-11	ആഭ്യന്തരനിയന്ത്രണം	ILGMS സംവിധാനം വിന്യസിച്ചതു മുതൽ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കി വരുന്നുണ്ട്. കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് 2023/24 വർഷത്തിൽ പരാമർശിച്ചിട്ടുമുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
2	2-2-6	ഡി & ഒ ലൈസൻസ് നല്കുന്നത് സംബന്ധിച്ച്(ബിലേറ്റഡ് ഫീസ് വാങ്ങാത്തത്)	പള്ളിക്കുന്ന് ക്ഷീരോത്പാദക സഹകരണ സംഘം 28.02.2016 ന് 11604106742 നമ്പർ രശീതി പ്രകാരം 1000 രൂപ ബിലേറ്റഡ് ഫീസ് ഇനത്തിൽ അടവാക്കിയിട്ടുണ്ട്. വി.പി ഫർണ്ണിച്ചർ നിലവിൽ പ്രവർത്തിക്കാത്തതിനാൽ തുക പിരിച്ചെടുക്കുവാൻ സാധിക്കാത്ത അവസ്ഥയാണ്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
3	2-2-7	ഡി & ഒ ലൈസൻസ് നല്കുന്നത് സംബന്ധിച്ച്(യന്ത്രങ്ങളുടെ ഫീസ് വാങ്ങാത്തത്)	1. 11604105982 തിയ്യതി 20.02.2017 പ്രകാരം തുക ഒടുക്കിയിട്ടുണ്ട്. 2.11604106632 തിയ്യതി 27.02.2017 പ്രകാരം തുക ഒടുക്കിയിട്ടുണ്ട്. 3.നാമമാത്രമായ തുകയായതിനാൽ പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.
4	2-4-5	തൊഴിൽനികുതി പരിശോധന-	നിലവിൽ തൊഴിൽ നികുതി കൃത്യമായി ഈടാക്കി വരുന്നുണ്ട്. 2015/16 വർഷത്തിൽ ഉണ്ടായിരുന്ന പല സ്ഥാപനങ്ങളും ഇന്ന് നിലവില്ലാത്തതിനാലും, പല ജീവനക്കാരും വിരമിച്ച് വർഷങ്ങൾ കഴിഞ്ഞതിനാലും തൊഴിൽനികുതി പിരിച്ചെടുക്കുവാൻ കഴിയാത്തതിനാൽ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
5	2-5	തൊഴിൽനികുതി ഈടാക്കാത്തതു സംബന്ധിച്ച്	നിലവിൽ തൊഴിൽ നികുതി കൃത്യമായി ഈടാക്കി വരുന്നുണ്ട്. 2015/16 വർഷത്തിൽ ഉണ്ടായിരുന്ന പല സ്ഥാപനങ്ങളും ഇന്ന് നിലവില്ലാത്തതിനാലും, പല ജീവനക്കാരും വിരമിച്ച് വർഷങ്ങൾ കഴിഞ്ഞതിനാലും തൊഴിൽനികുതി പിരിച്ചെടുക്കുവാൻ കഴിയാത്തതിനാൽ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
6	2-6-1	ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തതു സംബന്ധിച്ച്-	സ്വകാര്യ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക സഹിതം പിരിച്ചെടുത്തിട്ടുണ്ട്. രശീത് വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് സമർപ്പിക്കുന്നു.
7	2-6-2		
8	2-7	ഷോപ്പിംഗ് കോംപ്ലക്സ് കം ബസ്സ് വെയ്റ്റിംഗ് ഷെഡ് ഫലപ്രാപ്തിയിലെത്തിയില്ല,കെട്ടിടത്തിലെ മുറികളിൽ നിന്ന് നാളിതുവരെ വാടകയൊന്നും ലഭിച്ചിട്ടില്ല.	കമ്പളക്കാട് ബസ് സ്റ്റാൻറിലെ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളെ അസസ്സ്മെൻറ് രജിസ്റ്ററിൽ ചേർത്ത് നമ്പർ നൽകിയിട്ടുണ്ട്. കെട്ടിട വാടക നിശ്ചയിച്ച് , കരാറിൽ ഏർപ്പെട്ടിട്ടുള്ളതും , വാടക ഈടാക്കി വരുന്നതുമാണ്. മേൽ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
9	2-9	കേരള പഞ്ചായത്ത്കെട്ടിടനിർമ്മാണചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടപെർമ്മിറ്റ് നല്കി	നിലവിലെ ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിർമ്മാണം നിയമപ്രകാരമാണോയെന്ന് എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു.
10	3-4	കുറഞ്ഞ നിരക്കിൽ ടെണ്ടർ അംഗീകരിക്കാത്തതിനാൽ നഷ്ടം.	06.10.2025 തിയ്യതിയിലെ ഭരണസമിതി യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് സമർപ്പിക്കുന്നു.

11	3-5	വികലാംഗർക്കുള്ള തൊഴിൽ പരിശീലനകേന്ദ്രത്തിൽ അധികസൗകര്യം ഏർപ്പെടുത്തൽ	പ്രസ്തുത കെട്ടിടം പഞ്ചായത്തിൻറെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട്. ആസ്തി രജിസ്റ്ററിൻറെ പകർപ്പ് സമർപ്പിക്കുന്നു. ആയതിനാൽ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
12	3-7	ഗുണഭോക്തൃസമിതി രേഖകൾ ഹാജരാക്കിയില്ല.	ഗുണഭോക്തൃസമിതി രേഖകൾ കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.
13	3-11	ജൂബിലി ഭവനനിർമ്മാണപദ്ധതി -തുക വക മാറ്റി	2023/24 വർഷത്തിൽ ജൂബിലി ഭവനന പദ്ധതിയുടെ ലോൺ തുക പൂർണ്ണമായും അടവാക്കി ലോൺ ക്ലോസ് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
14	3-12	ഇ.എം.എസ് ഭവനപദ്ധതി പൂർത്തികരണത്തിന് തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.	രേഖകൾ ഹാജരാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകിയിട്ടുള്ളതാണ്.
15	3-13	പണിയ കോളനിയിൽ വാട്ടർ അതോറിറ്റിയുടെ A.R.N.S.S കുടിവെള്ള പദ്ധതിയിൽ നിന്നും ഗാർഹിക കണക്ഷൻ ലഭ്യമാക്കൽ -രേഖകൾ ഹജരാക്കാത്തത്	വിനിയോഗ സാക്ഷ്യപത്രം അനുവദിക്കുവാൻ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു.
16	3-14	തെരുവ് വിളക്കുകളുടെ പരിപാലനം-പദ്ധതി നടത്തിപ്പ് സുതാര്യമല്ല	ക്രൂസ്സിൽ നിന്നും വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ മനപൂർവ്വമല്ലാതെ സംഭവിച്ച അപാകത മാപ്പാക്കി , ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.
		consolidated	
	2-4-1 to 2-4-4		
	2-4-5,2-5		